# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ. (പി.11)959/02.07.22/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) അസി.ഡവലപ്പ്മെന്റ് കമ്മീഷ്ണർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നമ്പർ: (പി.11)959/02.07.22/22 കെ.എസ്.എ.ടി.എസ്.ആർ. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-12-2019 മുതൽ 26-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷാജി കെ. | ജോയിന്റ് ഡയറക്ടർ | 27-05-2022 | 31-05-2022 |
| ശ്രീ സതീശൻ എൻ. | ജോയിന്റ് ഡയറക്ടർ (ഇൻ ചാർജജ്) | 01-06-2022 | 03-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-05-2022 | 03-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷോബി വി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി പ്രവിദ പി.എ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ വിക്രമൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ സ്റ്റാൻലി പി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ ഡൊമിനിക്, ഓഡിറ്റർ
ശ്രീ രഞ്ജിത്ത് പി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഐ.എസ്.ഉമാദേവി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| കെ.ആർ. രവി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| അമൽദാസ് കെ.ജെ. | സെക്രട്ടറി | 01-04-2020 | 02-02-2021 |
| അഭിലാഷ് എം.ആർ. | സെക്രട്ടറി | 03-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദീപ്തി കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 27-10-2020 |
| ചാന്ദിനി വി.ജി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 28-10-2020 | 31-03-2021 |
| രതീഷ് എം.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ലത എ.എസ്. | സൂപ്രണ്ട്, സി.എച്ച്.സി., വെള്ളാനിക്കര | 01-04-2020 | 24-04-2020 |
| ഡോ.ജയന്തി കെ.എസ്. | സൂപ്രണ്ട്, സി.എച്ച്.സി., വെള്ളാനിക്കര | 25-04-2020 | 31-03-2021 |
| ഡോ. സഹീർ അബ്ദു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഷീബ എൽ. നാൽപ്പാട്ട് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |
| സത്യവർമ്മ പി.സി. | കൃഷി അസി. ഡയറക്ടർ | 01-04-2020 | 31-03-2021 |
| സുഗുണൻ സി.ബി. | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2021 |
| ബിന്നിമോൻ. വി.സി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഫെമി വി. മാത്യു | ക്ഷീര വികസന ഓഫീസർ | 01-04-2020 | 09-06-2020 |
| അരുൺ.പി.എസ് | ക്ഷീര വികസന ഓഫീസർ | 10-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Pravida (Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Vidya Vikraman (Asst. Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Ranjith P.R (Auditor, On 04-06-2022)<br>Last Updated By: Ranjith P.R (Auditor, On 04-06-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Stanley P S (Asst. Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 1-8 |
| 9 | റേഷ്യോസ് ഉൾപ്പെടുത്തിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 02-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 03-06-2022) | 1-9 |
| 10 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 02-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 03-06-2022) | 1-10 |
| 11 | യഥാസമയം ഡിമാന്റ് എൻട്രി ഇല്ല<br>Written By: Anita Dominic (Auditor, On 02-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-11 |
| 12 | വരവ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല<br>Written By: Anita Dominic (Auditor, On 02-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 03-06-2022) | 1-12 |
| 13 | ജേണൽ വൗച്ചർ,വർക് ഷീറ്റ് ഇല്ല<br>Written By: Anita Dominic (Auditor, On 02-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-13 |
| 14 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല<br>Written By: P.A.Pravida (Audit Officer, On 02-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 03-06-2022) | 1-14 |
| 15 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചറുകൾ, വർക് ഷീറ്റുകൾ ഇല്ല<br>Written By: Anita Dominic (Auditor, On 02-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-15 |
| 16 | Capital Contribution രേഖപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 02-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 02-06-2022) | 1-16 |
| 17 | Capital Work In Progress തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല<br>Written By: Anita Dominic (Auditor, On 02-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 02-06-2022) | 1-17 |

| | | |
|---|---|---|
| 18 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 02-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-18 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയില്ല<br>Written By: Anita Dominic (Auditor, On 02-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 03-06-2022) | 1-19 |
| 20 | വാടക നിരക്ക് നിർണ്ണയിക്കാതെ കെട്ടിടം വാടകക്ക് നൽകുന്നു<br>Written By: Ranjith P.R (Auditor, On 04-06-2022)<br>Last Updated By: Ranjith P.R (Auditor, On 04-06-2022) | 1-20 |
| 21 | ഹരിതം ക്ലീൻ ആർമി യിൽ നിന്നുള്ള വരുമാനം ബ്ലോക്ക്പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല,പ്രസ്തുത സംരംഭം ബ്ലോക്ക്പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Ranjith P.R (Auditor, On 04-06-2022)<br>Last Updated By: Swalih C.P (Auditor, On 01-07-2022) | 1-21 |
| 22 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 04-06-2022)<br>Last Updated By: Swalih C.P (Auditor, On 01-07-2022) | 1-22 |
| 23 | പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് അനുവദനീയമായ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 04-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 01-07-2022) | 1-23 |
| 24 | പട്ടികജാതി വികസനഓഫീസറുടെ പ്രൊജക്ടുകളിലെ അപാകതകൾ<br>Written By: P.A.Pravida (Audit Officer, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 04-06-2022) | 1-24 |
| 25 | വ്യവസായ വികസന ഓഫീസറുടെ പദ്ധതികളിലെ അപാകതകൾ<br>Written By: Stanley P S (Asst. Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-25 |
| 26 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടർ വാങ്ങിയത് -അധിക തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 01-07-2022) | 1-26 |
| 27 | പ്രൊജ.നം. 75/20-21 മരത്താക്കര LI വൈദ്യുതീകരണ പ്രവ്യത്തികൾ-- GST ഇനത്തിൽ ₹ 5032- അധികം ചെലവ് ചെയ്തു.<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-27 |
| 28 | റോഡു പ്രവ്യത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 1-28 |
| 29 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 01-07-2022) | 1-29 |
| 30 | വൈദ്യുതീകരണ പദ്ധതികൾ-- GST ഇനത്തിൽ ₹ 12642- അധികം ചെലവ് ചെയ്തു.<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-30 |
| 31 | GST നമ്പർ ഇല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ സ്വീകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-31 |

ഭാഗം **2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Anita Dominic (Auditor, On 04-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Anita Dominic (Auditor, On 04-06-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Anita Dominic (Auditor, On 04-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Anita Dominic (Auditor, On 04-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Anita Dominic (Auditor, On 04-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Anita Dominic (Auditor, On 04-06-2022)<br>Last Updated By: Sudha Das (Joint Director, On 03-07-2022) | 4-10 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23.03.2020, തീരുമാനം നം.1(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 180179223 | 179526608 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | പാസ്സാക്കിയിട്ടില്ല | |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 21-06-2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13081666 |
| വരവ് | 72973376 |
| ആകെ | 86055042 |
| ചെലവ് | 79895300 |
| നീക്കിയിരിപ്പ് | 6159742 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 37787914 | 35308245 | 2479669 |
| വികസന ഫണ്ട് – എസ് സി പി | 10446000 | 9933202 | 512798 |
| വികസന ഫണ്ട് – ടി.എസ്.പി | 1449000 | 1408704 | 40296 |
| മെയിന്റനൻസ്-റോഡിതരം | 6581751 | 5831370 | 750381 |
| സി.എഫ്.സി.അൺടൈഡ് ഗ്രാന്റ് | 7090000 | 4329559 | 2760441 |
| സി.എഫ്.സി. ടൈഡ് ഗ്രാന്റ് | 7090000 | 2404149 | 4685851 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 126 | 96454629 | 93 | 60113585 | 20 | 13 | 60 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.2022 തീയതിയിൽ 2:40 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. രജിസ്റ്ററുകൾ,ഫയലുകൾ,വൗച്ചറുകൾ എന്നിവ യഥോചിതം പരിപാലിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിച്ച് വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| . | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.21 മുതൽ 24.12.21 വരെ | 2020-21 | 15.03.2022 |
| അക്കൗണ്ടന്റ് ജനറൽ | 03.10.2018 മുതൽ 08.10.2018 വരെ | 2013-14 മുതൽ 2017-18 വരെ | 16.11.2018 |

## 1-9 റേഷ്യോസ് ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-10 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/01/2021 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-11 യഥാസമയം ഡിമാന്റ് എൻട്രി ഇല്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (5 കെട്ടിടങ്ങൾ) | 130100101-Rent From Building | 135655 | 31.03.2021 | 42000025 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 വരവ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാടക ഡിമാന്റ് രജിസ്റ്റർ

2. ലേലം രജിസ്റ്റർ

## 1-13 ജേണൽ വൗച്ചർ,വർക് ഷീറ്റ് ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income-Other Income | 6044 |
| 280800301-Prior Period-Operations And Maintenance Expenses | 101,126 |
| 280800701-Prior Period- Miscellaneous Expenses | (168,30,631) |

## 1-14 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 69,21,924/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 53,65,430/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-15 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചറുകൾ, വർക് ഷീറ്റുകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-16 Capital Contribution രേഖപ്പെടുത്തുന്നില്ല

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത് (3,95,19,998/-). വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-17 Capital Work In Progress തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 23,09,440/- രൂപയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/2021 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുകയാണ് ഇത്. ഈ തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

## 1-18 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ഇനം | 31.03.2021 ലെ നീക്കിയിരിപ്പ് |
|---|---|---|
| 320200201 | Fund For Transferred Institutions – Agriculture – Capital | 2600 |
| 320200321 | NABARD Assistance | 96000 |

| | | |
|---|---|---|
| 320300199 | Grants, Fund & Contributions For Specific Purposes – Other Government Agencies 13180 | 13180 |
| 320800101 | Beneficiary Contibutions | 2030674 |
| 320900101 | Nirmal Puraskar | 499 |

## 1-19 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

## 1-20 വാടക നിരക്ക് നിർണ്ണയിക്കാതെ കെട്ടിടം വാടകക്ക് നൽകുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ മരത്താക്കരയിലുള്ള വി ഇ ഒ ഓഫീസ് കെട്ടിടം, ആഗസ്റ്റ് 2020 മുതൽ 'ശീതൾ' (Society For Social,Economical &Environmental Development Through Technolgy, Hygiene,Amenity &Livelyhood) എന്ന സംഘടനക്ക് മാസം 750/- രൂപ നിരക്കിൽ വാടകക്ക് നൽകിയിട്ടുണ്ട്. മേൽ കെട്ടിത്തിന്റെ വാടക നിരക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നിർണ്ണയിച്ച് നൽകാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.04/01.06.2022) ലഭ്യമാക്കിയ മറുപടിയിൽ, 06.05.2013 ലെ സ.ഉ(എം.എസ്) നം. 37/2013/സാനീവ നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 12 പ്രകാരമുള്ള സംഘടനകൾക്ക് സൗജന്യമായോ കുറഞ്ഞ നിരക്കിലോ ഭൂമി നൽകാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ 26.05.2020 തീയതിയിലെ 6(1) നമ്പർ തീരുമാനം പ്രകാരം കുറഞ്ഞ വാടകയായി 750/- രൂപ നിശ്ചയിക്കുകയാണ് ഉണ്ടായിട്ടുള്ളതെന്നും വിശദീകരിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുമ്പോൾ വാടക നിരക്ക് നിർണ്ണയിക്കുന്നത് PWD Manual മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. PWD Manual ഖണ്ഡിക 2809.5 പ്രകാരം മേൽ കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് അപ്രകാരമുള്ള നിരക്കിൽ വാടകക്ക് നൽകേണ്ടതാണ്.

## 1-21 ഹരിതം ക്ലീൻ ആർമി യിൽ നിന്നുള്ള വരുമാനം ബ്ലോക്ക്പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല,പ്രസ്തുത സംരംഭം ബ്ലോക്ക്പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാതെ പ്രവർത്തിക്കുന്നു.

പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരിക്കുന്നതിനായി "ഹരിതം ക്ലീൻ ആർമി" എന്ന പേരിൽ ബ്ലോക്ക്പഞ്ചായത്ത് കോമ്പൌണ്ടിൽ ഒരു പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.ബ്ലോക്ക്പഞ്ചായത്തിൽ ഉൾപ്പെട്ട പുത്തൂർ,പാണഞ്ചേരി,മാടക്കത്തറ,നടത്തറ എന്നീ നാല് പഞ്ചായത്തുകളിൽ നിന്നുള്ള പ്ലാസ്റ്റിക്ക് മാലിന്യം കളക്ട് ചെയ്ത് ആയത് പൊടിച്ച് പ്ലാസ്റ്റിക്ക് ഗ്രാന്യൂളുകളാക്കി വില്പന നടത്തിവരുന്നു(കിലോഗ്രാമിന് 22 രൂപ നിരക്കിൽ).ഈ വരുമാനം ബ്ലോക്ക്പഞ്ചായത്തിൽ അടവാക്കുന്നില്ല.ഹരിതം ക്ലീൻ ആർമി യുടെ പേരിൽ ബാങ്ക് ഓഫ് ബറോഡയുടെ മണ്ണുത്തി ശാഖയിലെ 37000100004584 എന്ന അക്കൌണ്ടിൽ അടവാക്കുന്നു.ഈ യൂണിറ്റിന്റെ പ്രവർത്തനം,നിയന്ത്രണം,ഓഡിറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.21/3.06.22 നുള്ള മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.സംസ്ഥാന സർക്കാർ ഹരിതകേരളം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയ്ക്കു ഉടക്കം കുറിക്കുന്നത് . 2016ലെ ദേശീയഹരിത ട്രിബ്യൂണലിന്റെ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രവനംപരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബ്ലോക്ക്പഞ്ചായത്ത് പ്രത്യേകബൈലോ രൂപീകരിച്ച് ഭരണസമിതി അംഗീകരിച്ച ശേഷം പദ്ധതി ആരംഭിച്ചു.

2.ബ്ലോക്ക്പഞ്ചായത്ത് ക്ലീൻ ആർമിക്കുവേണ്ടി 29,133,22/- രൂപ പ്ലാസ്റ്റിക്ക് ശേഖരണം,പദ്ധതി വിപുലീകരണം,എം.ആർ.എഫ് സെന്റർ സ്ഥാപിക്കൽ, വൈദ്യുതീകരണം ,ഗുഡ്സ് ഓട്ടോ എന്നിവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി ഹരിതം ക്ലീൻ ആർമിയ്ക്കു കൈമാറിയിട്ടുണ്ട്.ബൈലോ പ്രകാരം ആയതിന്റെ വരുമാനം ഗ്രൂപ്പിന്റെ പേരിലുള്ള പ്രത്യേക അക്കൌണ്ടിൽ സൂക്ഷിക്കുന്നതാണ്.2017 മുതൽ എല്ലാവർഷവും പെർഫോമൻസ് ഓഡിറ്റും ലോക്കൽഫണ്ട് ഓഡിറ്റും ഗ്രൂപ്പിന്റെ അക്കൌണ്ടുകൾ പരിശോധിച്ചിട്ടുള്ളതാണ് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

3.ഗ്രൂപ്പിന്റെ പ്രവർത്തനം ഉദ്യോഗസ്ഥ തലത്തിൽ പരിശോധിച്ച് വരുന്നുണ്ട്.12 പേർ ഉടങ്ങിയ ഗ്രൂപ്പ് നിലവിൽ 3പേർ മാത്രമാണ് പ്രവർത്തിച്ചുവരുന്നത്.പ്രതിദിനം 500രൂപ നിരക്കിൽ വേതനം നൽകിവരുന്നു.

ഓഡിറ്റ് നിരീക്ഷണം

1.ഹരിതം ക്ലീൻ ആർമിയ്ക്കു വേണ്ടിതയ്യാറാക്കിയ ബൈലോയ്ക്കു ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല.ബൈലോ പ്രകാരം നാല് ഗ്രാമ പഞ്ചായത്തുകളിലെ 12 അംഗങ്ങൾ ഉൾപ്പെട്ട ഔദ്യോഗികഭാരവാഹികളുണ്ട്.

പ്രസിഡന്റ് സെക്രട്ടറി ജോ.സെക്രട്ടറി,ട്രഷറർ എന്നിവർ യഥാക്രമം നടത്തറ,മാടക്കത്തറ,പുത്തൂർ,പാണഞ്ചേരി എന്നീ പഞ്ചായത്തുകളിലെ അംഗങ്ങളാണ്. ബൈലോ അംഗീകരിച്ച് ഒപ്പ് രേഖപ്പെടുത്തികാണുന്നില്ല.

2.ബ്ലോക്ക്പഞ്ചായത്ത് ഏകദേശം 30,00,000/- രൂപ ചെലവഴിച്ച് സൃഷ്ടിച്ച ആസ്തി ഹരിതം ക്ലീൻ ആർമിയ്ക്കു കൈമാറിയത് ഏത് മാനദണ്ഡപ്രകാരം എന്ന് വ്യക്തമല്ല.പഞ്ചായത്തിന്റെ ആസ്തിയിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന്റെ അക്കൌണ്ടിൽ വരവ് വയ്ക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

ഹരിതം ക്ലീൻ ആർമിയുടെ ക്യാഷ്ബുക്ക് പരിശോധനയിൽ, കണക്കുകൾ ഓഡിറ്റ് നടത്തുകയോ, പഞ്ചായത്ത് ഉദ്യോഗസ്ഥ തലത്തിൽ പരിശോധന നടത്തുകയോ ചെയ്തതായി കാണുന്നില്ല.

3.ഗ്രൂപ്പിന്റെ പ്രവർത്തനം ഉദ്യോഗസ്ഥ തലത്തിൽ പരിശോധിച്ചതിന്റെ രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല.ഏത് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കിയിട്ടില്ല.ഈ ഗ്രൂപ്പിന്റെ രൂപീകരണം നടത്തിപ്പ് എന്നിവ സംബന്ധിച്ച ഫയലുകളോ മറ്റ് രേഖകളോ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4.നിലവിൽ 3 പേർ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റിൽ പ്രവർത്തിച്ചുവരുന്നു.ഇവർക്ക് പ്രതിദിനം 500/-രൂപ നിരക്കിൽ വേതനം നൽകുന്നുണ്ട്.വേതനം നിർണ്ണയിച്ചത് ഏത് മാനദണ്ഡപ്രകാരമെന്ന് വ്യക്തമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച കമ്മറ്റി തീരുമാനങ്ങളും ലഭ്യമല്ല.ബൈലോയിലും ഇത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല.യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയുൾപ്പെടെ ഈ യൂണിറ്റുമായി ബന്ധപ്പെട്ട എല്ലാപ്രവർത്തനങ്ങളും ഇവിടുത്തെ ജീവനക്കാർ നിയന്ത്രിക്കുന്നതായിട്ടാണ് കാണുന്നത്.നിലവിൽ യൂണിറ്റിലെ പ്രവർത്തനങ്ങളിൽ ബ്ലോക്ക്പഞ്ചായത്തിന് യാതൊരു നിയന്ത്രണവും ഉള്ളതായി കാണുന്നില്ല.

5.ബാങ്ക് ഓഫ് ബറോഡയുടെ മണ്ണുത്തി ശാഖയിലെ 37000100004584 എന്ന അക്കൌണ്ടിൽ 31/03/2022ൽ 925513.14രൂപ നീക്കിയിരിപ്പുണ്ട്.

6.ഹരിതം ക്ലീൻ ആർമിയുടെ ആവശ്യത്തിനായി വാങ്ങിയ ഇഡ്സ് ഓട്ടോ ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിക്കാതെ കിടക്കുന്നതായിട്ടാണ് ഓഡിറ്റിന്റെ നേരിട്ടുള്ള പരിശോധനയിൽ മനസ്സിലായത്.

ഓഡിറ്റ് നിർദ്ദേശം

1.ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ നിന്നുള്ള വരവ് പഞ്ചായത്തിന്റെ വരവായി കണക്കിലെടുക്കേണ്ടതും പ്രസ്തുത യൂണിറ്റിന്റെ വരവ് ചെലവുകൾ നിരീക്ഷിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

2. യൂണിറ്റിന്റെ മേൽനോട്ട ചുമതല ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്.

3. യൂണിറ്റിന്റെ വരവ് ചെലവുകൾ ഓഡിറ്റിന് വിധേയമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കി നിയമാനുസൃതമായ അംഗീകാരം നേടേണ്ടതാണ്.

## 1-22 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ

| പ്രോജക്ട് | വൗച്ചർ നം./തീ. | തുക | തുക നൽകിയ സ്ഥാപനം | ഓഡിറ്റിന് ലഭ്യമാക്കേണ്ടവിവരങ്ങൾ |
|---|---|---|---|---|
| 1/21-ഐ.കെ.എം വിഹിതം നൽകൽ | 22000213/ 26.06.2020 | 81266 | ഐ.കെ.എം | വിനിയോഗ സാക്ഷ്യ പത്രം |

(ഓഡിറ്റ് എൻക്വയറി നം.13/02.06.2022)

## 1-23 പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് അനുവദനീയമായ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വൌച്ചറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 22000107 | 4.6.2020 | ദേശാഭിമാനി | 6300 |
| 2 | 22000138 | 26.6.2020 | ദേശാഭിമാനി | 6300 |
| 3 | 22000243 | 17.7.2020 | ദേശാഭിമാനി | 6300 |
| 4 | 22000224 | 17.7.2020 | ദേശാഭിമാനി | 6300 |
| 5 | 22000245 | 17/7/2020 | ദേശാഭിമാനി | 6300 |
| 6 | 22000256 | 17.7.2020 | ദേശാഭിമാനി | 6300 |
| 7 | 22000257 | 17.7.2020 | ദേശാഭിമാനി | 8400 |
| 8 | 22000330 | 27.8.2020 | ദേശാഭിമാനി | 6300 |
| 9 | 22000331 | 27.2.2020 | ദേശാഭിമാനി | 6300 |

| | | | | |
|---|---|---|---|---|
| 10 | 22000337 | 27.8.2020 | ദേശാഭിമാനി | 8400 |
| 11 | 22000338 | 27.8.2020 | ദേശാഭിമാനി | 6300 |
| 12 | 22000397 | 29.9.2020 | ദേശാഭിമാനി | 6300 |
| 13 | 22000445 | 14.10.2020 | ദേശാഭിമാനി | 6300 |
| 14 | 22000516 | 26/11/2020 | ദേശാഭിമാനി | 7728 |
| 15 | 22000769 | 26.2.2021 | ദേശാഭിമാനി | 6300 |
| 16 | 22000780 | 26.2.2021 | ദേശാഭിമാനി | 6300 |
| 17 | 22000781 | 26.2.2021 | ദേശാഭിമാനി | 6300 |
| 18 | 22000853 | 20.3.2021 | ദേശാഭിമാനി | 6300 |
| ആകെ | | | | 119028 |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല പത്രം ആവശ്യപ്പെട്ട പ്രകാരമുള്ള തുക അനുവദിച്ചു നല്കുകയാണ് ചെയ്തിട്ടുള്ളത്. അതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 20/03.06.2022 നുള്ള മറുപടിയിൽ 2021-22 വർഷത്തിൽ ഡിസ്കൗണ്ട് ലഭിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. വരും വർഷങ്ങളിലെ ബിൽ തുകകളിൽ ഡിസ്കൗണ്ടു തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പട്ടികജാതി വികസനഓഫീസറുടെ പ്രൊജക്ടുകളിലെ അപാകതകൾ

പ്രൊജക്ട് നം.,പേര്-18/21 , പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ -32,00,000 (വികസനഫണ്ട് എസ് സി പി)

ചെലവ്- 23,00,000 (വികസനഫണ്ട് എസ് സി പി)

മേല്പറഞ്ഞ പ്രൊജക്ടിൽ 16 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ധനസഹായം നല്കിയിട്ടുണ്ട്. സാന്ദ്ര. പി എസ്(പാണഞ്ചേരി), സന്യ വി എ (പാണഞ്ചേരി), അഞ്ജനപ്രിയ സി എസ് (പാണഞ്ചേരി), ഈശ്വർകൃഷ്ണ ശിവദേവ്(പുത്തൂർ)എന്നീ വിദ്യാർത്ഥികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

പ്രൊജക്ട് നം.,പേര്-17/21 ,പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ &ചെലവ്-17,00,000 (വികസനഫണ്ട് എസ് സി പി)

മേല്പറഞ്ഞ പ്രൊജക്ടിൽ ബ്ളോക് പഞ്ചായത്തിലെ നാലു ഗ്രാമപഞ്ചായത്തുകളിലെ 79 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ 52 വിദ്യാർത്ഥികൾ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം.12/02.06.2022)
എല്ലാ ഗുണഭോക്താക്കളും ഉൾപ്പെട്ട ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച് ലഭ്യമാക്കേണ്ടതാണ്.

## 1-25 വ്യവസായ വികസന ഓഫീസറുടെ പദ്ധതികളിലെ അപാകതകൾ

വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പദ്ധതികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.
A) പ്രൊജക്ട് നമ്പർ : 14/20-21
പ്രൊജക്ട് : വിവിധ വനിതാ ഗ്രൂപ്പുകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി
അടങ്കൽ:₹21,05,000/- ചെലവ്:₹14,55,000/-
1) 2,55,000/- (വൗച്ചർ നം. 22000611/ തീ. 2.11.2020)
2) 3,00,000/- (വൗച്ചർ നം. 22000615/ തീ. 16.10.2020)
3) 3,00,000/- (വൗച്ചർ നം. 22000614/ തീ. 21.10.2020)
4) 3,00,000/- (വൗച്ചർ നം. 22000912/ തീ. 06.02.2021)
5) 3,00,000/- (വൗച്ചർ നം. 22000668/ തീ. 06.01.2021)
B) പ്രൊജക്ട് നമ്പർ : 15/20-21
പ്രൊജക്ട് : വിവിധ വനിതാ ഗ്രൂപ്പുകൾ (സ്വയം തൊഴിൽ) പദ്ധതി (എസ്.സി.)
അടങ്കൽ:₹13,50,000/- ചെലവ്: ₹8,10,000/-
13,50,000/- (വൗച്ചർ നം. 22000610/ തീ. 2.11.2020)
2,55,000/- (വൗച്ചർ നം. 22000749/ തീ. 21.01.2021)
3,00,000/- (വൗച്ചർ നം. 22000603/ തീ. 23.12.2020)
C) പ്രൊജക്ട് നമ്പർ : 16/21
പ്രൊജക്ട് : വിവിധ വനിതാ ഗ്രൂപ്പുകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി (എസ്.ടി.)
ചെലവ് : 3,00,000/- (വൗച്ചർ നം. 22000917/ തീ. 06.02.2021)

മാർഗ്ഗരേഖ പ്രകാരം വനിതാ ഗ്രൂപ്പുകൾക്ക് സബ്സിഡിയായി 85%, പരമാവധി 3,00,000/- രൂപ വരെ അനുവദിക്കാവുന്നതാണ്.

വ്യവസായ വികസന ഓഫീസറുടെ മേൽ പ്രൊജക്ടുകൾ പ്രകാരം ആകെ 25,65,000/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 9, 10, 11 (തീയതി 1.6.2022) എന്നിവ നൽകിയിരുന്നു എങ്കിലും മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 1-26 മെഡിക്കൽ ഓഫീസർ - സി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടർ വാങ്ങിയത് -അധിക തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ :92/21

പ്രൊജക്ട് : സി.എച്ച്.സി.പുതിയ കെട്ടിടത്തിലേക്ക് ഫർണ്ണിച്ചറുകളും ഉപകരണങ്ങളും വാങ്ങുന്നത്

അടങ്കൽ : 628064

ചെലവ്: 628064

(വൌച്ചർ നം.22000292/12.04.20 തുക:₹3,58,400/-,22000294/12.04.20 തുക:₹2,13,986/-, 22000295/12.04.20 തുക:₹55,678/-)

സി എച്ച് സി പുതിയ കെട്ടിടത്തിലേക്ക് ഫർണീച്ചറുകളും ഉപകരണങ്ങളും വാങ്ങൽ എന്ന പ്രൊജക്ട് മുഖാന്തിരം കമ്പ്യൂട്ടറുകളും, യു പി എസ്, പ്രിന്റർ എന്നിവ വാങ്ങിയിരുന്നു. മേൽ പ്രോജക്റ്റ് പ്രകാരം 2 കമ്പ്യൂട്ടറുകൾ സി.എച്ച്.സി.ക്ക് കൈമാറിയതിന്റെ കെൽട്രോൺ പ്രൊഫോർമ്മ ഇൻവോയിസ് നം.19922 തീ.30.10.20 പ്രകാരം 66308/- രൂപയാണ്. പ്രസ്തുത തുക കെൽട്രോണിന് നല്കിയിട്ടുണ്ട്. എന്നാൽ കെൽട്രോണിന്റെ ഇ-വേ ബിൽ പ്രകാരം 561331466456 തീ. 18.01.2022 പ്രകാരം 60154/- രൂപയാണ്. ആയതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/3.6.2022) ഇപ്രകാരം മറുപടി നല്കിയിട്ടുണ്ട്: “കമ്പ്യൂട്ടർ കെൽട്രോൺ മുഖാന്തിരം വാങ്ങുവാൻ ഓർഡർ നല്കുമ്പോൾ ഉള്ള വില 66308/- രൂപ ആയിരുന്നു. പിന്നീട് കമ്പ്യൂട്ടറുകൾക്കു വില കുറഞ്ഞതിനാൽ വീണ്ടും കുറഞ്ഞ വിലയുടെ (62560/-) ഓർഡർ നൽകുവാൻ കെൽട്രോൺ നിർദ്ദേശിച്ചതിനാൽ വീണ്ടും പുതുക്കിയ വിലയ്ക്കുള്ള ഓർഡർ നൽകുകയായിരുന്നു. വ്യത്യാസം വന്ന തുകയായ 3748/- രൂപ തിരിച്ചു ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.” വ്യത്യാസം വന്ന തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 പ്രൊജ.നം. 75/20-21 മരത്താക്കര LI വൈദ്യുതീകരണ പ്രവൃത്തികൾ-- GST ഇനത്തിൽ ₹ 5032- അധികം ചെലവു ചെയ്തു.

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹ 2,50,000- ( പൊ.വി- സാ.വി )

ഭരണാനുമതി 1 ( 1 ) തി. 17-3-’20

സാങ്കേതികാനുമതി - 152/EE LSGD El. Committee 17-18 തി. 20-11-’19

കരാർ നം.-ഇല്ല തി. 21/19-20 AE LSGD OLK തി. 19-12-’19

കരാറുകാരൻ സുനിൽ പി.ആർ

വൗ.നം. 57/20തി.27-3-’21 ₹1,36,391-

അളവുപുസ്തകം - 6/19-20

ഓഡിറ്റ് എൻക്വയറി നം. 17തി. 2-06-’22

മേൽപ്രകാരം പ്രൊജക്ടുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിൽ മോട്ടോർ പമ്പിന് മാർക്കറ്റ് നിരക്കാണ് നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ

മോട്ടോർ പമ്പിന് GST നൽകേണ്ടതില്ല. സാങ്കേതികാനുമതി ഉത്തരവിൽ ഇക്കാര്യം നിർദേശിച്ചിട്ടുള്ളതുമാണ്. മാർക്കറ്റ് നിരക്ക് നൽകി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മോട്ടോർ പമ്പിന് അർഹതയില്ലാതെ ₹ 5032/- GST യിനത്തിൽ നൽകിചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മോട്ടോർ പമ്പ് സഹിതം ചെലവു തുക | മോട്ടോർ പമ്പ് സഹിതം ചെലവു തുകയിന്മേൽ GST -ഇപ്പോൾ കരാറുകാരന് അനുവദിച്ചിട്ടുള്ളത് | മോട്ടോർ പമ്പ് വില | മോട്ടോർ പമ്പ് വില ഒഴിവാക്കി ചെലവു തുക | മോട്ടോർ പമ്പ് വില ഒഴിവാക്കിയ ചെലവു തുകയിന്മേൽ GST | GST അധികം അനുവദിച്ചത് |
|---|---|---|---|---|---|
| 117050.28 | 14046.03 | 41937- | 75113.28 | 9013.59 | 5032.44 |

GST ഇനത്തിൽ അധികം ചെലവഴിച്ച തുക ഈടാക്കേണ്ടതാണ്.

## 1-28 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

( ഓഡിറ്റ് എൻക്വയറി നം. 1 തിയ്യതി 30 -5-'22)

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ച വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്നത് എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 16 തിയ്യതി 2-6-'22 )

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ പാക്ക്ഡ് ബിറ്റുമിൻ വില ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ കരാറുകാർ ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം അസി.എഞ്ചിനിയർ താഴെപ്പറയും പ്രകാരം ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് 238+18% (GST) നിരക്കിൽ ആകെ ₹ 19378/-

( 16422/- + 2956/- )കാലി ബാരലിന്റെ വില ഈടാക്കി ഓരോ പ്രവൃത്തിക്കും ചെലവു വന്ന ശീർഷകങ്ങളിലേക്ക്/GST വകുപ്പിലേക്ക് താഴെ ചേർക്കുന്നതു പ്രകാരം അടവാക്കേണ്ടതാണ്.

| കരാറുകാരന്റെ പേര് | ആകെ ബാരലുകൾ | ₹ 238/- നിരക്കിൽ കാലി ബാരലിന്റെവില | GST ( 18 % ) |
|---|---|---|---|
| ശ്രീ. എ.വി. ഖാദർ | 12 | 2856/- | 514/- |
| ശ്രീ. എം.വൈ ജോർജ്ജ് | 37 | 8806/- | 1585/- |
| ശ്രീ.എൽദോ കുര്യൻ | 14 | 3332/- | 600/- |
| ശ്രീ.ടി.എൻ സുരേഷ് | 6 | 1428/- | 257/- |
| ആകെ | 69 | 16422/- | 2956/- |

## 1-30 വൈദ്യുതീകരണ പദ്ധതികൾ-- GST ഇനത്തിൽ ₹ 12642- അധികം ചെലവു ചെയ്തു.

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഓഡിറ്റ് എൻക്വയറി നം. 17തി. 2-06-'22

വിവിധ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് വൈദ്യുതീകരണത്തിനുവേണ്ടിയുള്ള എസ്റ്റിമേറ്റുകളിൽ മോട്ടോർ പമ്പിന് മാർക്കറ്റ് നിരക്കാണ് നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ

മോട്ടോർ പമ്പിന് GST നൽകേണ്ടതില്ല. സാങ്കേതികാനുമതി ഉത്തരവിൽ ഇക്കാര്യം നിർദേശിച്ചിട്ടുള്ളതുമാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട മോട്ടോർ പമ്പിന് അർഹതയില്ലാതെ GST നൽകി തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

( എ ) പ്രൊജ.നം. 75/20-21 പാണക്കാട് കുടിവെള്ള പദ്ധതി

അടങ്കൽ ₹ 17,91,535- ( പൊ.വി- സാ.വി )

ഭരണാനുമതി 1 ( 1 ) തി. 17-3-'20

സാങ്കേതികാനുമതി - 252/EE LSGD El. Committee 19-20 തി. 29-1-'20

കരാർ നം.-ഇല്ല തി. 36/19-20 AEE LSGD OLK തി. 18-5-'20

കരാറുകാരൻ സുനിൽ പി.ആർ

വൗ.നം. 42/20തി.27-3-'21 ₹1,56,481-

അളവുപുസ്തകം - 2/20-21

| മോട്ടോർ പമ്പ് സഹിതം ചെലവു തുക | മോട്ടോർ പമ്പ് സഹിതം ചെലവു തുകയിന്മേൽ GST -ഇപ്പോൾ കരാറുകാരന് അനുവദിച്ചിട്ടുള്ളത് | മോട്ടോർ പമ്പ് വില | മോട്ടോർ പമ്പ് വില ഒഴിവാക്കി ചെലവു തുക | മോട്ടോർ പമ്പ് വില ഒഴിവാക്കിയ ചെലവു തുകയിന്മേൽ GST | GST അധികം അനുവദിച്ചത് |
|---|---|---|---|---|---|
| 1134536- | 16144.32 | 60695- | 73841 | 8860.92 | 7283.40 |

( ബി ) പ്രൊജ.നം. 108/20-21 കണ്ണാറക്കുന്ന് കുടിവെള്ള പദ്ധതി

അടങ്കൽ ₹ 24,78,805- ( പൊ.വി- സാ.വി )

ഭരണാനുമതി 1 ( 1 ) തി. 17-3-'20

സാങ്കേതികാനുമതി - 251/EE LSGD El. Committee 19-20 തി. 29-1-'20

കരാർ നം.-ഇല്ല തി. 35/19-20 AEE LSGD OLK തി. 18-5-'20

കരാറുകാരൻ സുനിൽ പി.ആർ

വൗ.നം. 46/20തി.27-3-'21 ₹1,32,959-

അളവുപുസ്തകം - 1/20-21

| മോട്ടോർ പമ്പ് സഹിതം ചെലവു തുക | മോട്ടോർ പമ്പ് സഹിതം ചെലവു തുകയിന്മേൽ GST -ഇപ്പോൾ കരാറുകാരന് അനുവദിച്ചിട്ടുള്ളത് | മോട്ടോർ പമ്പ് വില | മോട്ടോർ പമ്പ് വില ഒഴിവാക്കി ചെലവു തുക | മോട്ടോർ പമ്പ് വില ഒഴിവാക്കിയ ചെലവു തുകയിന്മേൽ GST | GST അധികം അനുവദിച്ചത് |
|---|---|---|---|---|---|
| 112831/- | 13539.72 | 44660/- | 68171/- | 8180.52 | 5359.20 |

മാർക്കറ്റ് നിരക്ക് നൽകി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മോട്ടോർ പമ്പിന് അർഹതയില്ലാതെ ₹ 12642/- ( 7283 + 5359. )GST യിനത്തിൽ നൽകിചെലവഴിച്ചത് ഈടാക്കി പദ്ധതിക്കു വേണ്ടി തുക ചെലവഴിച്ച ശീർഷകത്തിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-31 GST നമ്പർ ഇല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ സ്വീകരിക്കുന്നു

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൌച്ചർ നമ്പർ | തീയ്യതി | തുക അടച്ചത് |
|---|---|---|---|---|
| 151/21- നിലവിലെ ഭരണസമിതിയുടെ കാലത്തെ വികസനക്ഷേമ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ | 49860 | 22000442 | 14.10.2020 | ചിറയത്ത് പ്രിന്റേഴ്സ്, മണ്ണുത്തി എന്ന സ്ഥാപനത്തിന് ഭരണസമിതിയുടെ വികസനപ്രവർത്തനങ്ങൾ ബുക്ക് ലെറ്റ് ആയി പ്രിന്റ് ചെയ്യുന്നതിന്. ഇൻവോയ്സ് നം. 223, തീ 08.10.2020, തുക : 49860/- |
| 10/21- പദ്ധതി രൂപീകരണം മോണിറ്ററിംഗ് | 21350 | 22000443 | 14.10.2020 | ചിറയത്ത് പ്രിന്റേഴ്സ്, മണ്ണുത്തി എന്ന സ്ഥാപനത്തിന് പദ്ധതി രേഖ പ്രിന്റ് ചെയ്യുന്നതിന്. ഇൻവോയ്സ് നം. 218, തീ 04.10.2020, തുക : 21350/- |

01.03.19 ലെ, സർക്കുലർ നമ്പർ 18/19/ധനം, ഖണ്ഡിക 4 പ്രകാരം, ജി.എസ്.ടി രജിസ്റ്റ്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി.എസ്.ടി രജിസ്റ്റ്രേഷൻ ഉള്ളവർ സാധനങ്ങൾ അഥവാ സേവനങ്ങൾ നല്കി കഴിഞ്ഞാൽ ജി.എസ്.ടി നിയമം 2017, വകുപ്പ് 31 പ്രകാരം, ജി.എസ്.ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ജി.എസ്.ടി നമ്പർ വ്യക്തമാക്കാത്ത, സാധനങ്ങളുടെ നികുതി നിരക്ക് വ്യക്തമാക്കാത്ത, ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണോദ്യോഗസ്ഥൻ, യു.കെ ആർട്സ് & കംപ്യൂട്ടർ സ്റ്റിക്കർ കട്ടിംഗ്, ഒല്ലൂക്കര എന്ന സപ്ലൈയർക്ക് തുക നല്കിയിട്ടുള്ളത്. മാത്രമല്ല, മേൽ സ്ഥാപനങ്ങളിൽ നിന്നും ഇൻകം ടാക്സ് നിയമം, സെക്ഷൻ 194 C പ്രകാരമുള്ള TDS തുക അടവാക്കിയിട്ടുമില്ല.

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/02.06.2022) താഴ്ന്ന നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച മേൽ സ്ഥാപനങ്ങൾ 20 ലക്ഷത്തിൽ താഴെ വരുമാനമുള്ളതായതിനാൽ ജി.എസ്.ടി രജിസ്റ്റ്രേഷൻ എടുത്തിട്ടില്ലെന്നും ആയതിനാലാണ് ജി.എസ്.ടി ഇല്ലാത്ത ബില്ല് സമർപ്പിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുടർ വർഷങ്ങളിൽ ജി.എസ്.ടി നമ്പറുള്ള സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല

### 4-6 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

ഇല്ല

### 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72973376 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79895300 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി11/535/99/തീ.4.9.99/6.10.99 |
| 1998-99 | എൽ.എഫ്.ടി11/29/2000/തീ.14.6.2000/4.9.2000 |
| 1999-2000 | എൽ.എഫ്.ടി11/1715/18.5.11 |
| 2000-01 | എൽ.എഫ്.ടി11/1606/തീ.13.5.02/3.9.02 |
| 2001-02 | എൽ.എഫ്.ടി11/114/06/തീ.8.6.06/14.11.06 |
| 2002-03 | എൽ.എഫ്.ടി11/115/06/തീ.20.06.06/14.11.06 |
| 2003-04 | എൽ.എഫ്.ടി11/2572/07തീ.31.3.09 |
| 2004-05 | എൽ.എഫ്.ടി11/2573/07/തീ.31.1.09 |
| 2005-06 | എൽ.എഫ്.ടി11/2574/07/തീ31.1.09/4.7.09 |
| 2006-07, 07-08, 08-09, 09-10, 10-11 | എൽ.എഫ്.ടി (ബി.പി.1367/12/5.2.13/13.6.13 |
| 2011-12 | എൽ.എഫ്.ടി (ബി.പി.)1367/6.6.14/16.7.14 |
| 2012-13 | എൽ.എഫ്.ടി (ബി.പി)1559/14 തീ.5.1.15/12.2.15 |
| 2013-14 | എൽ.എഫ്.ടി.എസ്.ആർ. (ബിപി)328/15/7.7.15/ 13.8.15 |
| 2014-15, 2015-16 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)-616/17 തി.26.5.2017/9.6.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)1739/17 തീയതി:5.12.17/12.01.18 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)536/19,തിയ്യതി:12.04.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)37/20,തീയതി: 04.05.20 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി11)958/22 തി.02.07.22 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്